# കോളേജ് വിദ്യാഭ്യാസ വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ്- ജീവനക്കാര്യം-സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്/സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്/യു.ഡി ടൈപ്പിസ്റ്റ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവാകുന്നു.

---

ഉത്തരവ് നമ്പർ:C3/2788/2019/DCEതിരുവനന്തപുരം തീയതി:07.09.2021

---

*പരാമർശം:*-1. ജി.ഒ (പി) നം 27/2021/ഫിൻ തിയതി 10.02.2021
2. 01.03.2018 തിയതിയിലെ ഈ കാര്യാലയത്തിൽ നിന്നുള്ള സി3/24506/2017/കോ.വി.വ നമ്പർ ഉത്തരവ്

## ഉത്തരവ്

കോളേജ് വിദ്യാഭ്യാസ വകുപ്പിലെ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റുമാരായ ശ്രീമതി. സത്യഭാമ ടി, ശ്രീ. സതീഷ് കുമാർ എസ് എന്നിവർ യഥാക്രമം 30.04.2021, 31.05.2021 തീയതികളിൽ വിരമിച്ചതുമൂലം സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിൽ 02 ഒഴിവുകൾ നിലവിലുണ്ടായിട്ടുണ്ട്.

മേല്പറഞ്ഞ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിലെ ഒഴിവിൽ ചുവടെ പറയുന്ന സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റുമാരെ 39300-83000/-രൂപ ശമ്പള സ്കെയിലിൽ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റായി കെ.എസ് & എസ്.എസ്.ആർ പാർട്ട് II റൂൾ 28 പ്രകാരം സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

| ക്രമനം. | പേര്,സ്ഥാപനം | പരാമർശം (2) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിലെ (അനുബന്ധം II ലെ)ക്രമനം | സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റായി സ്ഥാനക്കയറ്റം നൽകുന്ന പ്രാബല്യ തിയതി |
|---|---|---|---|
| 1 | ശ്രീമതി. സ്വപ്ന ഒ.ടി<br>സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്<br>ഗവ: ലോ കോളേജ്, എറണാകുളം | 07 | 01.05.2021 |
| 1 | ശ്രീ. നജിം എ<br>സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്<br>ഗവ: കോളേജ്, ആറ്റിങ്ങൽ | 09 | 01.06.2021 |

ഇപ്രകാരം സ്ഥാനക്കയറ്റം അനുവദിച്ചതുമൂലം സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിൽ രണ്ട് ഒഴിവുകൾ നിലവിൽ വരുന്നുണ്ട്. ഈ ഒഴിവുകളിൽ ചുവടെ പറയുന്ന യു.ഡി.ടൈപ്പിസ്റ്റുമാരെ 37400-79000/-രൂപ ശമ്പള സ്കെയിലിൽ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റായി കെ.എസ് &

എസ്.എസ്.ആർ പാർട്ട് II റൂൾ 28 പ്രകാരം സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

| ക്രമ നം. | പേര്, തസ്തിക, സ്ഥാപനം | പരാമർശം (2) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിലെ (അനുബന്ധംIII ലെ)ക്രമനമ്പർ | സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റായി സ്ഥാനക്കയറ്റം നൽകുന്ന പ്രാബല്യ തിയതി |
|---|---|---|---|
| 1 | ശ്രീമതി. ലെനികുമാരി കെ.ജി<br>യു.ഡി.ടൈപ്പിസ്റ്റ്<br>കെ.എൻ.എം ഗവ: ആർട്സ് & സയൻസ് കോളേജ്,കാഞ്ഞിരംകുളം | 14 | 01.05.2021 (ശ്രീമതി. സ്വപ്ന ഒ.ടി സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റായി സ്ഥാനക്കയറ്റം നേടിയ ഒഴിവ്) |
| 2 | ശ്രീമതി. ബീന കെ<br>യു.ഡി.ടൈപ്പിസ്റ്റ്<br>ഗവ: കോളേജ്, കോടഞ്ചേരി | 15 | 01.06.2021 (ശ്രീ.നജീം എ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റായി സ്ഥാനക്കയറ്റം നേടിയ ഒഴിവ്) |

ഇപ്രകാരം സ്ഥാനക്കയറ്റം അനുവദിച്ചതുമുഖേന യു.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ രണ്ട് ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. ഇതിലെ ഒരു ഒഴിവ് പ്രവേശന പരീക്ഷ കമ്മീഷണറുടെ കാര്യാലയത്തിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്തിരുന്ന ഈ വകുപ്പിലെ യു.ഡി ടൈപ്പിസ്റ്റ് ശ്രീമതി. ബീന ജി 03.11.2020ൽ വകുപ്പിലേക്ക് തിരികെ പ്രവേശിച്ചത് മുഖേന ക്രമീകരിക്കാവുന്നതാണ്. ശേഷിക്കുന്ന ഒരു ഒഴിവിലേക്ക് നിലവിലെ എൽ.ഡി ടൈപ്പിസ്റ്റ് മുൻഗണനാ പട്ടികയിൽ നിന്നും താഴെ പറയും പ്രകാരം യു.ഡി ടൈപ്പിസ്റ്റ് തസ്തികയിലേക്ക് 35600-75400/-രൂപ ശമ്പള സ്കെയിലിൽ കെ.എസ് & എസ്.എസ്.ആർ പാർട്ട് II റൂൾ 28 പ്രകാരം സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

| ക്രമനം. | പേര്, തസ്തിക, സ്ഥാപനം | പരാമർശം (2) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിലെ (അനുബന്ധം IVലെ)ക്രമനം | യു.ഡിടൈപ്പിസ്റ്റായി സ്ഥാനക്കയറ്റം നൽകുന്ന പ്രാബല്യ തിയതി |
|---|---|---|---|
| 1. | ശ്രീമതി. അമ്പിളി എം<br>എൽ.ഡി ടൈപ്പിസ്റ്റ്<br>എസ്.എൻ.ജി.എസ് കോളേജ്, പട്ടാമ്പി | 18 | 01.06 2021 (ശ്രീമതി. ബീന കെ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റായി സ്ഥാനക്കയറ്റം നേടിയ ഒഴിവ്) |

ഈ ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർക്ക് നിലവിലെ ചട്ടങ്ങൾക്കും സൂചന (1) ഉത്തരവിനും വിധേയമായി സ്ഥാപനമേധാവികൾ ശമ്പള നിർണ്ണയം നടത്തുകയും ബന്ധപ്പെട്ട രജിസ്റ്ററുകളിലും സേവന പുസ്തകങ്ങളിലും ഇതു സംബന്ധിച്ച രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണ്.

ഈ ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർ സേവനമനുഷ്ഠിക്കുന്ന സ്ഥാപനങ്ങളിലെ ടൈപ്പിസ്റ്റ് തസ്തിക സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരുടെ തസ്തികയിലേക്ക് ഉയർത്തി ഉത്തരവാകുന്നു.

Approval Valid

Digitally Approved By
സിജു ജേക്കബ്
Date: 07.09.2021
Reason: Approved

Sd/-
സിജു ജേക്കബ്
സീനിയർ അഡ്മിനിസ്ട്രേറ്റീവ്
ഓഫീസർ
0471-2305547
srao.colledn@kerala.gov.in

സ്വീകർത്താവ്,

1) ബന്ധപ്പെട്ട ജീവനക്കാർക്ക്
2) ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക്
3)സി.എ-ഡയറക്ടർ/അഡീഷണൽ ഡയറക്ടർ /സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/സീനിയർ ഫിനാൻസ് ഓഫീസർ
4)സി 5 സെക്ഷൻ
5)വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.